**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2201** **05.12.2018 ൽ മറുപടിയ്ക്ക്**

## പി.എച്ച്.സി. കളിൽ നേത്ര പരിശോധനാ സംവിധാനം

| | ചോദ്യം<br><br>ശ്രീ. പി. ഉണ്ണി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി. കളിലും നേത്ര പരിശോധനാ സംവിധാനം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലുണ്ട്. നിശ്ചിത ദിവസങ്ങളിൽ കാഴ്ച പരിശോധന, ഗ്ലോക്കോമ പരിശോധന, തിമിര നിർണയം എന്നീ സേവനങ്ങൾ നൽകി വരുന്നു. കൂടാതെ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലില്ലാത്തതും സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും മേൽ വിവരിച്ച സേവനം നൽകി വരുന്നുണ്ട്. ഇതിനു പുറമേ ജില്ലയിലെ സഞ്ചരിക്കുന്ന നേത്രവിഭാഗത്തിന്റെ നേതൃത്വത്തിൽ നിശ്ചിത ദിവസങ്ങളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടെയുള്ള നേത്ര സംബന്ധമായ പരിശോധനകൾ നടത്തി വരുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾ, വയോജനങ്ങൾ എന്നിവർക്ക് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇവ കേന്ദ്രീകരിച്ച് സൗജന്യ കണ്ണട വിതരണ സംവിധാനവും നിലവിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാകുന്ന മുറയ്ക്ക് ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനം നടപ്പിലാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഒപ്റ്റോമെട്രിസ്റ്റുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;; ഉണ്ടെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയിൽ ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ആയതിനാൽ പ്രസ്തുത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ